LIBRARY ARCHIVES Kerala Legislative Assembly

അഗ്നിശമനസേനയുടെ പ്രവർത്തനങ്ങൾ

51 [769] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്നിശമനസേനയുടെ പ്രവർത്തനങ്ങൾ ഏതൊക്കെ നിയമങ്ങൾ പ്രകാരമാണ് നടത്തിവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിലവിലുള്ള നിയമങ്ങൾ നടപ്പാക്കാൻ ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ചട്ടങ്ങൾ തയ്യാറാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) അഗ്നിശമന സേനയെ ശാസ്ത്രീയമായി നവീകരിക്കുവാൻ എന്തൊക്കെ പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന പൊതു സർവ്വീസ് നിയമങ്ങൾക്കു പുറമെ 1962-ലെ കേരളാ ഫയർഫോഴ്സ് ആക്റ്റ് നിലവിലുണ്ട്. കൂടാതെ ഇൻഡ്യൻ സ്റ്റാന്റിംഗ് ഫയർ അഡ്വൈസറി കൗൺസിലിന്റെ ഉപദേശപ്രകാരം കാലാകാലങ്ങളിൽ വകുപ്പുതലത്തിൽ സ്റ്റാന്റിംഗ് ഉത്തരവുകൾ പുറപ്പെടുവിച്ച് നടപ്പിലാക്കിവരുന്നു.

(ബി) നിയമങ്ങൾ എല്ലാംതന്നെ കാലോചിതമായി പരിഷ്കരിക്കാറുണ്ട്.

(സി, ഡി) നിലവിലുള്ള നിയമങ്ങൾ നടപ്പിലാക്കാൻ ചട്ടങ്ങൾ തയ്യാറാക്കിയിട്ടില്ലെങ്കിലും മറ്റു സംസ്ഥാനങ്ങളിൽ നിലവിലുള്ള ഫയർഫോഴ്സ് മാനുവൽ ഈ വകുപ്പിലും തയ്യാറാക്കാൻ അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഫയർ & റെസ്ക്യൂ സർവ്വീസസിനെ ശാസ്ത്രീയമായി നവീകരിക്കുന്നതിന് ത്രിവത്സര പ്രവർത്തന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആയതിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. നാളിതുവരെയായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു:

1. ഏത് അത്യാഹിത സാഹചര്യങ്ങളേയും നേരിടുന്നതിന് ഈ വകുപ്പിനെ സുസജ്ജമാക്കുന്നതിനായി അത്യാധുനിക ഉപകരണങ്ങളായ സ്ക്കൈലിഫ്റ്റ്, എസ്ക്കവേറ്റർ, ലൈഫ്ഡിറ്റക്റ്റർ മുതലായവ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രാഥമിക നടപടി എന്ന നിലയിൽ 2002-03-ൽ 74 അഗ്നിശമന പ്രതിരോധ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

2. നാളിതുവരെ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ആസ്ഥാന ഓഫീസ്, ചേർത്തല സ്റ്റേഷൻ, പത്തനംതിട്ട സ്റ്റേഷൻ എന്നിവ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. കൂടാതെ മറ്റ് പല വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളും സ്വന്തം കെട്ടിടത്തിൽ ആരംഭിക്കാനുള്ള നടപടി പൂർത്തിയായി വരുന്നു.

3. സേനാംഗങ്ങൾക്ക് കാലോചിതമായ ആധുനിക പരിശീലനം കൊടുക്കുന്നതിന് വിയ്യൂരിൽ ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിനുള്ള നടപടി ത്വരിതഗതിയിൽ നടക്കുന്നുണ്ട്.

4. വിവിധ ഓഫീസുകളെ കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുമായി വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

പുതിയ ഫയർസ്റ്റേഷനുകൾ

52 [770] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർസ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുമെങ്കിൽ റാന്നി സീതത്തോട്ടിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കുമെന്ന് ഉറപ്പു നൽകിയിരുന്നെങ്കിലും സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കാമെന്ന് ഉറപ്പുനൽകിയിട്ടും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് കമാന്റന്റ് നൽകിയ ലിസ്റ്റിൽ സീതത്തോട് ഉൾപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സീതത്തോട്ടിൽ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സീതത്തോട് പഞ്ചായത്ത് സൗജന്യമായി സ്ഥലം നൽകാമെന്ന ഉറപ്പു നൽകിയിരുന്നില്ല. സ്ഥലം എം.എൽ.എ. ഇലക്ട്രിസിറ്റി ബോർഡ് വക സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്.

(സി) നോംസ് പ്രകാരം മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകരിച്ചുവരുന്ന മുറയ്ക്ക് ഫയർസ്റ്റേഷൻ ആരംഭിക്കാവുന്നതാണ്.

പുതിയ ഫയർസ്റ്റേഷനുകൾ അനുവദിക്കുന്നതിന് നടപടി

53 [771] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർസ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly